**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 150** **07-06-2021 - ൽ മറുപടിയ്ക്ക്**

**പർച്ചേസ് നിയമങ്ങളിൽ ഇളവ് അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി കാലത്ത് ഡി.ഡി.സി., സി.എഫ്.എൽ.റ്റി.സി., സി.എസ്.എൽ.റ്റി.സി. എന്നീ ചികിത്സാകേന്ദ്രങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഇത്തരം കേന്ദ്രങ്ങളിലേക്ക് വേണ്ടി വരുന്ന അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്ക് പർച്ചേസ് നിയമങ്ങളിൽ ഇളവ് നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ് ചികിത്സാ കേന്ദ്രങ്ങളിലേക്ക് മരുന്നും മറ്റ് അവശ്യ വസ്തുക്കളും വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് നിയമങ്ങളിലോ പ്രൊക്യുയർമെന്റ് നിയമങ്ങളിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇളവുകൾ നൽകിയിട്ടില്ല. എന്നിരുന്നാലും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ മുൻനിരയിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മരുന്നും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കളക്ടർമാർ വരെ ഉള്ളവർക്ക് നിലവിലുള്ള ഇളവ് താല്ക്കാലികമായി തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ